## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 4531 — 20/10/2011 - ൽ മറുപടിയ്ക്ക്

### ശ്രീ.ബാലകൃഷ്ണപിള്ളയുടെ അസുഖവിവരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ.രാജേഷ്. | ശ്രീ. ഉമ്മൻ ചാണ്ടി ( മുഖ്യമന്ത്രി) |
| (എ) ഇന്ത്യയിലെ ഒരു സാധാരണ പൗരനു നൽകുന്ന അധികാര അവകാശങ്ങൾക്കപ്പുറം മുൻമന്ത്രിയും, ഇപ്പോഴത്തെ മന്ത്രിയുടെ പിതാവുമായ ശ്രീ.ആർ.ബാലകൃഷ്ണപിള്ളയ്ക്ക് എന്തെങ്കിലും പ്രത്യേക പരിഗണന ഭരണഘടനാപരമായി അനുവദിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ; | (എ) സാധാരണ പൗരന് ജയിൽ ചട്ടങ്ങളനുസരിച്ചുള്ള അവകാശങ്ങൾ മാത്രമേ കിട്ടൂ. ബാലകൃഷ്ണപിള്ളയ്ക്ക് കോടതി ഉത്തരവ് മുഖാന്തിരം ചില സൗകര്യങ്ങൾ ലഭിച്ചു. കൂടാതെ മുൻ സർക്കാർ അദ്ദേഹത്തിന് എ ക്ലാസ് തടവുകാർക്കുള്ള പദവി നൽകി. ഇതനുസരിച്ചുള്ള ചില അവകാശങ്ങൾ ലഭിച്ചിട്ടുണ്ട്. അതുപോലെ മെഡിക്കൽ ബോർഡിന്റെ നിർദ്ദേശപ്രകാരം അദ്ദേഹത്തിന് ചികിത്സാ ആനുകൂല്യങ്ങളും ലഭിച്ചിട്ടുണ്ട്. |
| (ബി) പരമോന്നത നീതിപീഠമായ സുപ്രീം കോടതിയുടെ വിധിയെ കാറ്റിൽപ്പറത്തികൊണ്ട് അപൂർവ്വരോഗമെന്ന പേരിൽ സമിതി ചികിത്സാ കേന്ദ്രങ്ങളിൽ തടവു പ്രതിയെ താമസിപ്പിക്കുന്നതു നിയമ വ്യവസ്ഥയെ വെല്ലുവിളിക്കുന്നതിനു തുല്യമാണെന്ന ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല. |

| | |
|---|---|
| (സി) ശ്രീ. ബാലകൃഷ്ണപിള്ളയുടെ അസുഖവിവരങ്ങൾ ലഭ്യമാക്കുമോ ; ഇത് സ്ഥിരീകരിച്ചത് ഏതു ഡോക്ടറാണ് ; ഇതിനുള്ള ഏറ്റവും ഫലപ്രദമായ ചികിത്സ മെഡിക്കൽ കോളേജുകളിൽ ലഭ്യമാണോ ; ഇത്തരത്തിലെ രോഗികളായ മറ്റു തടവുപുള്ളികൾക്ക് ഈ കാലയളവിൽ ആശുപത്രികളിൽ ചികിത്സ ലഭ്യമാക്കിയിട്ടുണ്ടോ ; | (സി) പ്രിസൺ മെഡിക്കൽ ബോർഡ് ബാലകൃഷ്ണപിള്ളക്ക് ചുവടെ പരാമർശിക്കുന്ന അസുഖങ്ങൾ ഉണ്ടെന്ന് കണ്ടെത്തി-ഡിസിലിപിലിഡെമിയ, ഹീമോക്രോമോറ്റോസിസ് വിത്ത് ക്രോണിക്ക് ലിവർ ഡിസീസസ്, ഡയബറ്റിക് മെലിറ്റസ്, ഹിയാറ്റസ് ഹെർണിയ വിത്ത് ജർഡ് , സർവിക്കൽ സ് പോണ്ടിലോസിസ്, അഡ്വാൻസ്ഡ് കണ്ടക്ഷൻ സിസ്റ്റം ഡിസോഡർ, റൈറ്റ് ബണ്ടിൽ ബ്രാഞ്ച് ബ്ലോക്ക് വിത്ത് പ്രീമെച്ചർ വെൻട്രിക്കുലാർ കോൺട്രാക്ഷൻസ്, ഡയബറ്റിക് പെരിഫറൽ ന്യൂറോപ്പതി. മെഡിക്കൽ കോളേജിൽ ഹെമറ്റോളജി ഡിപ്പാർട്ടുമെന്റില്ല.ഈ രോഗത്തിന് ഫലപ്രദമായ ചികിത്സാ വൈദ്യശാസ്ത്രം കണ്ടുപിടിച്ചിട്ടില്ല. ഈ രോഗം ഇതിന് മുമ്പ് ആർക്കും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല. അബ്കാരി കേസിൽപ്പെട്ട ചന്ദ്രസേനനെ മെഡിക്കൽ കോളേജിൽ ചികിത്സയുള്ള രോഗത്തിന് ബാംഗ്ലൂർ നിംഹാൻസിൽ 8 വർഷം (1995 മുതൽ 2003 വരെ) ചികിത്സയ്ക്ക് വിട്ടു. എട്ടുവർഷം ശിക്ഷ അനുഭവിക്കുന്ന സന്തോഷ് മാധവന് അമൃത മെഡിക്കൽ കോളേജിൽ ചികിത്സനൽകി. ഷരീഫ് എന്ന തടവുകാരൻ വെല്ലൂർ മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. |
| (ഡി) തടവുപുള്ളികളിൽപ്പെട്ടവർക്ക് ഒരേ രോഗത്തിന് ചികിത്സ നൽകുന്നതിൽ വേർതിരിവ് കാണിച്ചിട്ടില്ലെന്ന് ഉറപ്പു പറയുവാൻ സാധിക്കുമോ ? | (ഡി) വേർതിരിവ് കാണിച്ചിട്ടില്ല. |

സെക്ഷൻ ആഫീസർ